⇨ പാരിസ്ഥിതികനിയമങ്ങളും നയങ്ങളുമെല്ലാം കൂടുതൽ ശക്തമാക്കേണ്ടതിന്റെ സൂചനയാണ് ഇത് നൽകുന്നത് ⇨

# പാരിസ്ഥിതിക ആഘാത നിർണ്ണയം: കരട് രേഖ പിൻവലിക്കുക

പരിസ്ഥിതിയെ സംരക്ഷിക്കുന്ന തരത്തിലുള്ള യാതൊന്നും കാണാനില്ലാത്ത 2020 ലെ പാരിസ്ഥിതി ആഘാത നിർണ്ണയരൂപ രേഖയുടെ കരട് പിൻവലിക്കുക. പകരം പരിസ്ഥിതിനിയമങ്ങൾ കൂടുതൽ ശക്തിയേറിയതാക്കാനും പാരിസ്ഥിതിക പുനഃസ്ഥാപനം ഊർജ്ജസ്വലമാക്കാനും വേണ്ട നടപടികൾ സ്വീകരിക്കുക.

**റിവർ റിസർച്ച് സെന്റർ**

'**നമ്മൾ** ഈ മഹാമാരിയെ മറികടക്കാൻ ഏറ്റവുമൊടുവിൽ വലിയ വിലയാകും കൊടുക്കേണ്ടിവരിക. എന്നാൽ ധ്രുവങ്ങളിലെ മഞ്ഞുരുകുന്നതും അതിന്റെ പരിണിതഫലങ്ങളുമടക്കമുള്ള കാലാവസ്ഥാവ്യതിയാനത്തിന്റെ അതിഭീകരമായ പ്രത്യാഘാതങ്ങളിൽ നിന്ന് ഒരിക്കലും മറികടക്കാനാവില്ല. ദക്ഷിണേഷ്യ വസിയ്ക്കാൻ യോഗ്യമല്ലാതായിത്തീരും.'– നോംചോംസ്കി കേരളാ ഡയലോഗിൽ ഈയിടെ പറഞ്ഞത്.

ജീവിതത്തിന്റെ ഓരോ കോണിനെയും ഭീഷണിപ്പെടുത്തുന്ന വലിയ പ്രതിസന്ധിയായി എപ്പോഴേ കാലാവസ്ഥാവ്യതിയാനം മാറിക്കഴിഞ്ഞു. നിരവധി ശാസ്ത്രജ്ഞരുടെ ഗൗരവതരമായ പഠനങ്ങളും മുന്നറിയിപ്പുകളുമെല്ലാമനുസരിച്ച് നമ്മൾ മനുഷ്യർ തന്നെ പുറന്തള്ളിയിരിക്കുന്ന ഹരിതഗൃഹവാതകങ്ങൾ കാരണം നാം ഗുരുതരമായ വിപത്തുകളെയാണ് നേരിടാൻ പോകുന്നത്. ഈ നിലയ്ക്കുള്ള വികസനമാതൃകകൾ ഉടൻ തന്നെ അവസാനിപ്പിച്ചില്ലെങ്കിൽ ആഗോളതാപനില അത്യന്തം ഉയർന്ന് ഇവിടെ മനുഷ്യന് വസിയ്ക്കാൻ യോഗ്യമല്ലാതായിത്തീരുമെന്ന് അവർ മുന്നറിയിപ്പ് നൽകിയിട്ടുമുണ്ട്. നിർഭാഗ്യവശാൽ ദക്ഷിണേഷ്യ, ആഫ്രിക്കയിലെ സാഹേൽ പ്രദേശം എന്നിവയാണ് ഏറ്റവുമധികം ബാധിയ്ക്കപ്പെടാൻ പോകുന്നത്. ലോകത്തിന്റെ നാലിലൊന്ന് ജനസംഖ്യ ഉൾപ്പെടുന്ന ദക്ഷിണേഷ്യ നേരിടേണ്ട വെല്ലുവിളികളുടെ അളവ് ഊഹിക്കാവുന്നതിനപ്പുറമായിരിക്കും.

ഇതോടൊപ്പം വനങ്ങളും പുഴകളുമടങ്ങുന്ന പ്രകൃതി സമ്പത്തുകളുടെ ശോഷണവും വിവിധ ആവാസവ്യവസ്ഥകളുടെ നാശത്താൽ ജല-ഭക്ഷ്യലഭ്യത ബാധിക്കപ്പെടുന്നതും പ്രാദേശിക കാലാവസ്ഥയിൽ വരുന്ന വ്യത്യാസങ്ങളുമെല്ലാം നമ്മെ ബാധിക്കുന്നു. ഭീമമായ തോതിലുള്ള അന്തരീക്ഷമലിനീകരണം, മണ്ണിന്റെയും ജലത്തിന്റെയും ആഹാരത്തിന്റെയും മലിനീകരണം എന്നിവയെല്ലാം വലിയ ആരോഗ്യപ്രശ്നങ്ങളിലേയ്ക്കാണ് നമ്മെ നയിക്കുന്നത്. എന്നാൽ പ്രകൃതിയെ ഇനിയെങ്കിലും കഴിയാവുന്നതിന്റെ പരമാവധി സംരക്ഷിച്ചുനിർത്തേണ്ടത് വരുംതലമുറയുടെ നിലനിൽപ്പിന് അത്യാവശ്യമായിരിക്കുകയാണ്. നമ്മുടെ പാരിസ്ഥിതികനിയമങ്ങളും നയങ്ങളുമെല്ലാം കൂടുതൽ ശക്തമാക്കേണ്ടതിന്റെ സൂചനയാണ് ഇത് നൽകുന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവെയ്പായി EIA നോട്ടിഫിക്കേഷൻ 2020 രൂപരേഖയെ കാണാനാവില്ല, കാരണം മുൻപേ ദുർബ്ബലമായിരുന്ന EIA നോട്ടിഫിക്കേഷനെ ഈ ഡ്രാഫ്റ്റ് വീണ്ടും ദുർബ്ബലമാക്കുകയാണ്. അതിനാൽ 2020-ലെ ഈ പാരിസ്ഥിതിക ആഘാതനിർണ്ണയരൂ

*⇨ ഈ നാട്ടിലെ ഞെട്ടിപ്പിക്കുന്ന പാരിസ്ഥിതികഭരണത്തിന്റെ ദുരവസ്ഥയാണിത് വെളിവാക്കുന്നത് ⇨*

പരേഖ പിൻവലിക്കണമെന്നും പകരം പരിസ്ഥിതിനിയമങ്ങൾ കൂടുതൽ ശക്തിയേറിയതാക്കാനും പാരിസ്ഥിതികപുന:സ്ഥാപനം ഊർജ്ജസ്വലമാക്കാനും വേണ്ട നടപടികളുണ്ടാകണമെന്നാണ് ഞങ്ങൾക്കാവാശ്യപ്പെടാനുള്ളത്. പ്രധാനമായും രണ്ട് മാസത്തെ സമ്പൂർണ്ണലോക്ക്ഡൗൺ സമയത്ത് പരിസ്ഥിതിക്കനുകൂലമായിത്തീർന്ന ഘടകങ്ങൾ പരിശോധിച്ച് കിട്ടുന്ന പാഠങ്ങൾ ഉപയോഗിച്ച് തന്നെ പരമാവധി മുന്നോട്ടുപോകണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**വിശദമായ പ്രതികരണങ്ങൾ**

ഈ രൂപരേഖയുടെ അവതാരികയിൽ പറയുന്നത് 'ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലെ പദ്ധതികളിൽ നടക്കുന്ന നവീകരണ-വികസനപ്രവർത്തനങ്ങളിൽ ചില നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനാണ്' ഇങ്ങനെ ഒരു രൂപരേഖ കൊണ്ടുവരുന്നതെന്നാണ്. ശരി തന്നെ. എന്നാൽ നിർഭാഗ്യവശാൽ ഈ രൂപരേഖയിൽ അത്തരത്തിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്ന തരത്തിലുള്ള യാതൊന്നും കാണാനില്ല. ഇതാകട്ടെ 1994-ൽ വന്ന യഥാർത്ഥ നോട്ടിഫിക്കേഷനെ (1997-ൽ പൊതുതെളിവെടുപ്പ് നിർബന്ധമാക്കിക്കൊണ്ട് ഇത് ഭേദഗതിയും ചെയ്തിരുന്നു) ആദ്യമേ തന്നെ ലഘൂകരിച്ചുണ്ടാക്കിയ നോട്ടിഫിക്കേഷനിൽ വീണ്ടും വെള്ളം ചേർത്ത് പല നിബന്ധനകൾക്കും ഇളവ് നൽകുന്ന തരത്തിലാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്.

പരിസ്ഥിതിക്കനുകൂലമായ പദ്ധതികൾക്ക് മാത്രമേ മുൻകൂർ പാരിസ്ഥികാനുമതി (Prior Environmental Clearance) നൽകാൻ പാടുള്ളു, അല്ലാതെ സ്വാഭാവികമായും മുൻപേ തന്നെ തുടങ്ങിക്കഴിഞ്ഞ നിലവിലെ പദ്ധതികൾക്ക് പ്രാഥമികപാരിസ്ഥിതികാനുമതി നൽകാനാവില്ല. നിലവിലെ നിയമത്തിന്റെ ഉദ്ദേശത്തെ തന്നെ ചോദ്യം ചെയ്യുന്ന പരിപാടിയാണിത്. പരിസ്ഥിതിയ്ക്കും ജീവിവർഗ്ഗത്തിനുമെതിരെയുള്ള നിയമനിഷേധമായിക്കണ്ട് ഇതിനെ ക്രിമിനൽകുറ്റമായി പരിഗണിക്കണമെന്നും ഇതൊരിക്കലും നിയമാനുസൃതമാക്കരുതെന്നും ആവർത്തിച്ചാവശ്യപ്പെടുകയാണ്. നോട്ടിഫിക്കേഷനിലെ ഒരു പ്രസ്താവന ഇങ്ങനെ, 'ഇനി ഭാവിയിൽ ഇത്തരത്തിലെന്തെങ്കിലും നിയമലംഘനങ്ങളുണ്ടാകുകയാണെങ്കിൽ റെഗുലേറ്ററി അതോറിറ്റിയോ പരിശോധനക്കാരോ ശ്രദ്ധിക്കുന്നതാണ്.' ഈ നാട്ടിലെ ഞെട്ടിപ്പിക്കുന്ന പാരിസ്ഥിതികഭരണത്തിന്റെ ദുരവസ്ഥയാണിത് വെളിവാക്കുന്നത്.

വിവിധ വികസനപദ്ധതികൾ പരിസ്ഥിതിയ്ക്കോ പ്രദേശവാസികൾക്കോ ദോഷമുണ്ടാക്കാത്തതാണെന്ന് ഉറപ്പുവരുത്തുന്നതിൽ പ്രധാനപങ്ക് 1) പാരിസ്ഥിതികാഘാതപഠനം (EIA-Environment Impact Assessment) 2)പൊതുതെളിവെടുപ്പ് 3) വിദഗ്ദ്ധ സമിതിയുടെ (EAC-Expert Appraisal Committee) മൂല്യനിർണ്ണയം എന്നിവയാണ്. എന്നാൽ 1986-ലെ പരിസ്ഥിതി സംരക്ഷണനിയമമോ 1994-ലെ EIA നോട്ടിഫിക്കേഷനോ നിലവിൽവന്നിട്ടും നമ്മുടെ രാജ്യത്ത് പാരിസ്ഥിതികആരോഗ്യം ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. മേൽപ്പറഞ്ഞ കാര്യങ്ങളൊന്നും കടലാസിലല്ലാതെ യഥാർത്ഥത്തിൽ നടക്കുന്നില്ലെന്നതിന് തെളിവാണിത്.

ഈ പുതിയ നോട്ടിഫിക്കേഷൻ നിലവിലെ പാളിച്ചകളൊന്നും ചൂണ്ടിക്കാട്ടുന്നില്ല. രാജ്യത്ത് നടത്തിയ പാരിസ്ഥിതികാഘാതപഠനങ്ങൾ മിക്കതും യഥാർത്ഥ ആഘാതങ്ങളെ മറച്ചുവെയ്ക്കുന്നതും പരിസ്ഥിതിയ്ക്ക് ഏറെ ഉപദ്രവമുണ്ടാക്കുന്ന പദ്ധതികൾക്ക് വരെ പച്ചക്കൊടി കാട്ടുന്നതുമായിരുന്നു. പദ്ധതി നിർദ്ദേശിക്കുന്നവർ തന്നെ പാരിസ്ഥിതികാഘാതപഠന ഏജൻസിയെ കണ്ടെത്തുന്ന രീതി നിർത്തലാക്കണമെന്ന ഏറെക്കാലമായി ഉയരുന്ന ആവശ്യം മന്ത്രാലയം ഇതുവരെ ഗൗനിച്ചിട്ടില്ല. എന്നാൽ സുതാര്യവും നിഷ്കർഷവുമായി ഈ ജോലി നടക്കണമെങ്കിൽ, മന്ത്രാലയം ചെയ്യേണ്ടത് ഇതിനുവേണ്ട പണം പദ്ധതി സമർപ്പിക്കുന്നവരിൽ നിന്നും ഈടാക്കി യോഗ്യതയുള്ള നല്ല ഏജൻസികളെ ഏൽപ്പിക്കുകയാണ്. EIA തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിസ്ഥിതി വിദഗ്ദ്ധരോടും സംഘടനകളോടും ആലോചിച്ച് പുതുക്കേണ്ടതാണ്. EIA പ്രക്രിയയുടെ സുതാര്യതയും പങ്കാളിത്തവും വളരെ കർശനമായിത്തന്നെ ഉറപ്പുവരുത്തണം. ഒരു പ്രദേശത്ത് പഠനം നടത്തുന്ന ഏജൻസി പഠനച്ചുമതല നൽകി 15 ദിവസത്തിനകം പഞ്ചായത്തിരാജ് സ്ഥാപനങ്ങളടക്കമുള്ള തദ്ദേശസ്ഥാപനങ്ങളെയും അതാത് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളെയും പ്രദേശത്തുള്ള പൊതുജനങ്ങളെയും അതറിയിക്കേണ്ടതാണ്. ഇതേ സ്വഭാവത്തിലുള്ള മറ്റ് പദ്ധതികളുടെ സഞ്ചിതാഘാതപഠനവും നിലവിലെ പരിസ്ഥിതിയുടെ അവസ്ഥ വിലയിരുത്തുമ്പോൾ ചെയ്യേണ്ടതാണ്. നിർദ്ദിഷ്ടപദ്ധതിയുടെ സാമൂഹികവും പാരിസ്ഥിതികവുമായ പ്രാഥമിക ആഘാതപഠനം EIAയുടെ ഭാഗമായിത്തന്നെ ചെയ്യേണ്ടതാണ്.

പൊതുതെളിവെടുപ്പ് മാത്രമാണ് നിർദ്ദിഷ്ട പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായം പറയാനുള്ള ഏകവേദി. എന്നാൽ

*⇨ അതുപോലെ സമിതി അദ്ധ്യക്ഷൻ പ്രഗല്ഭനായ പരിസ്ഥിതിശാസ്ത്രവിദഗ്ദ്ധനോ നിയമവിദഗ്ദ്ധനോ ആയിരിക്കണം ⇨*

ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കാവുന്ന പല പദ്ധതികൾക്കും അനുമതി നൽകിയിരിക്കുന്നതിൽ നിന്നും നോട്ടിഫിക്കേഷൻ പൊതുജനാഭിപ്രായം ആരായുന്നതിന് തടസ്സം നിൽക്കുകയാണെന്ന് മനസ്സിലാക്കാം. അതുപോലെ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിൽ 14.8 -ാം ഭാഗത്തിൽ പൊതുതെളിവെടുപ്പിനെ ഒഴിവാക്കാം എന്ന തരത്തിൽ ദുരുപയോഗം ചെയ്യാവുന്ന ഒരു പോയിന്റ് പറയുന്നുണ്ട്. ഇവിടെ ഏറ്റവും പ്രധാനമായി പറയേണ്ട കാര്യം അപ്പോൾ പദ്ധതിയ്ക്കനുകൂലമായി നിൽക്കുന്നവരുടെ താല്പര്യങ്ങളാകും പദ്ധതി നേരിട്ട് ബാധിക്കുന്ന ജനങ്ങളുടേതിനേക്കാളും സംരക്ഷിക്കപ്പെടുക. ജനാധിപത്യമൂല്യങ്ങൾക്കെതിരാണിത്.

വിദഗ്ദ്ധസമിതികൾ (EAC) ഒരു പദ്ധതിയെ വിലയിരുത്തേണ്ടത് വിശദമായ പദ്ധതിറിപ്പോർട്ടും പാരിസ്ഥിതികാഘാതപഠനത്തിന്റെയും പൊതുതെളിവെടുപ്പിന്റെയും മറ്റും രേഖകളിൽ നിന്നാണ്. മാസത്തിൽ രണ്ട് ദിവസമുള്ള സിറ്റിങ്ങിൽ 15-20 പദ്ധതികളെങ്കിലും സമിതിയ്ക്ക് പരിശോധിയ്ക്കേണ്ടിവരും. പദ്ധതിയെ അനുകൂലിക്കുന്നവരുടെ അവതരണങ്ങൾ കണ്ടിട്ടാകും മിക്കപ്പോഴും അവർ തീരുമാനമെടുക്കാറുള്ളത്. അവരാണെങ്കിൽ ഏറ്റവും പരിസ്ഥിതി സൗഹൃദമാണ് തങ്ങളുടെ പദ്ധതി എന്നാകും വാദിക്കുക. ഭേദഗതി രൂപരേഖ EAC കളുടെ പങ്കും വളരെ വെട്ടിക്കുറയ്ക്കുന്നുണ്ട്. അതായത് ഒറ്റ മീറ്റിംഗിൽ തന്നെ EAC പ്രപ്പോസലുകൾ അംഗീകരിക്കണം. വീണ്ടും പരിഗണിയ്ക്കാനുള്ള സാധ്യത വീണ്ടും അതോടെ കുറയുകയാണ്. നോട്ടിഫിക്കേഷനിലെ ഭാഗം 15.7, പദ്ധതികളെക്കുറിച്ച് പുതിയ പഠനം വേണമെന്ന് EAC യ്ക്ക് പറയാനുള്ള സാധ്യതയാണ് ഇല്ലാതാക്കുന്നത്.

പരിശോധനാപ്രക്രിയ ശക്തിപ്പെടുത്തണമെങ്കിൽ പരിസ്ഥിതിസംരക്ഷണത്തെ സഹായിക്കുന്ന തരത്തിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം EAC കൾക്ക് നൽകണം. EAC അംഗങ്ങളെ തെരഞ്ഞെടുക്കുന്നതുമുതൽ ഇതു തുടങ്ങണം. സമിതിയിൽ ഭൂരിഭാഗവും പരിസ്ഥിതി/ജൈവശാസ്ത്രരംഗത്ത് വിദഗ്ദ്ധരായവരാകണം; കൂടാതെ ഒരാളെങ്കിലും സാമൂഹ്യശാസ്ത്രരംഗത്തുനിന്നുള്ള ആളായിരിക്കണം. അതുപോലെ സമിതി അദ്ധ്യക്ഷൻ പ്രഗല്ഭനായ പരിസ്ഥിതിശാസ്ത്രവിദഗ്ദ്ധനോ നിയമവിദഗ്ദ്ധനോ ആയിരിക്കണം.

EAC മീറ്റിങ്ങുകൾക്ക് മൂന്നാഴ്ച മുമ്പെങ്കിലും സമിതി അംഗങ്ങൾക്ക് വിശദമായ പദ്ധതിരേഖയും പാരിസ്ഥികാഘാതപഠനവും മറ്റ് അനുബന്ധരേഖകളുമെല്ലാം പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഏതെങ്കിലും രണ്ട് അനൗദ്യോഗിക അംഗങ്ങളെങ്കിലും പരിശോധിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ, അദ്ധ്യക്ഷന് റെഗുലേറ്ററി അതോറിറ്റിയെ നേരത്തെ അറിയിച്ച് മീറ്റിങ് മാറ്റിവെക്കാൻ അധികാരമുണ്ട്.

ഡ്രാഫ്റ്റ് നോട്ടിഫിക്കേഷന്റെ 26-ാം അധ്യായത്തിൽ 34-ഓളം പദ്ധതികൾ/പ്രവർത്തനങ്ങൾക്ക് പാരിസ്ഥികാനുമതി ആവശ്യമില്ല എന്നെഴുതിയിരിക്കുന്നു. അവയിൽ പല പദ്ധതികളും പരിസ്ഥിതിയ്ക്ക് കനത്ത ആഘാതം സൃഷ്ടിക്കുന്നവയാണ്. ആ ലിസ്റ്റ് പരിസ്ഥിതിയ്ക്ക് ഒട്ടും അനുയോജ്യമല്ലെന്ന് പറയട്ടെ.

ഏത് തരം ഖനനവും പരിസ്ഥിതിയെ ഏറെ പ്രതികൂലമായി ബാധിക്കുന്നവയാണ്. വളരെ പരിശോധനകൾക്ക് ശേഷം മാത്രമേ അത്തരം പദ്ധതികൾക്ക് അനുമതി നൽകാൻ പാടുള്ളുവെങ്കിലും നമ്മുടെ രാജ്യത്ത് പലപ്പോഴും വിപരീതമായ ഉദാഹരണങ്ങളാണ് കണ്ടുവരാറുള്ളത്. അവയിൽ ചില പദ്ധതികളുണ്ടാക്കുന്ന ആഘാതങ്ങൾ പ്രവർത്തനസമയത്ത് മാത്രമേ ദൃശ്യമാകൂ. അതിനാൽത്തന്നെ ഖനനപദ്ധതികൾക്ക് പത്ത് വർഷത്തെ പ്രവർത്തനാനുമതി നൽകുകയും അതിനുശേഷം ഒരു പ്രാഥമിക പാരിസ്ഥിതികാഘാതപഠനത്തിനു ശേഷം മാത്രം ആവശ്യമെങ്കിൽ വീണ്ടും അനുമതി പുതുക്കുകയും ചെയ്യുക. എന്നാൽ നിർഭാഗ്യവശാൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷനിലെ 19.1 (ഡി) എന്ന ഭാഗത്തിൽ ഖനനപദ്ധതികളുടെ കാലാവധി 50 വർഷമാക്കി വർദ്ധിപ്പിക്കാനാണ് ആവശ്യപ്പെടുന്നത്. ഇതും അംഗീകരിക്കാനാവാത്ത നിർദ്ദേശമാണ്, പിൻവലിക്കണം. ജലവൈദ്യുതപദ്ധതികളുടെയും മറ്റ് പദ്ധതികളുടെയും പാരിസ്ഥിതികാനുമതി കാലാവധി 15 വർഷവും 10 വർഷവും ആക്കാൻ 19.1 (ഇ) &(എഫ്) എന്നീ ഭാഗങ്ങളിൽ പറയുന്നുണ്ട്. ഇതും അനുവദിക്കാനാകില്ല. അതുപോലെ ഇപ്പോൾ നടന്നുവരുന്ന അർദ്ധവാർഷിക റിപ്പോർട്ട് വാർഷികറിപ്പോർട്ട് ആക്കി മാറ്റാനുള്ള 20.4 ഷെഡ്യൂളിലെ ശുപാർശയും പരിസ്ഥിതിയെ അനുകൂലിക്കുന്ന തീരുമാനമാകില്ല.

ഭാഗം 21.3 പല പാരിസ്ഥിതികാനുമതികളും ഒരാൾക്ക് തന്നെ അയയ്ക്കാമെന്ന് പറയുന്നു. ഇത് ധാരാളം ചെറുപ്രോജക്ടുകൾ വേണ്ടത്ര പരിശോധിക്കപ്പെടാതെ പോകാനും ഭാവിയിൽ ഇത്തരത്തിലുള്ള കുറേയെണ്ണം ഒന്നിച്ചുചേർക്കപ്പെടാനുമിടയാക്കും.

ജലവൈദ്യുത-ജലസേചനപദ്ധതികൾ നിർമ്മാണ-പ്രവർത്തനസമയങ്ങളിൽ ഗുരുതരമായ പാരിസ്ഥികാഘാതങ്ങളുണ്ടാക്കുന്നവയാണ്. നിലവിൽ 25 മെഗാവാട്ടിൽ താഴെയുള്ള

⇨ പദ്ധതിപ്രദേശത്തെ ചുരുക്കുന്നത് യഥാർത്ഥ പാരിസ്ഥിതികാഘാതം കണക്കിലെടുക്കാതിരിക്കാനാണെന്നേ പറയാനാകൂ ⇨

പദ്ധതികൾ ചെറുകിടജലവൈദ്യുതപദ്ധതികളാണ്. ഇവയ്ക്ക് വനഭൂമി മാറ്റപ്പെടുകയാണെങ്കിലും EIA വേണ്ട. ഇനി 25 മുതൽ 75 മെഗാവാട്ട് വരെയുള്ളവയ്ക്ക് B1 എന്ന പുതിയ വിഭാഗം വരികയാണ്. അതുപോലെ 10,000 മുതൽ 50,000 ഹെക്ടർ വരെ കമാന്റ് ഏരിയ ഉള്ള ജലസേചനപദ്ധതികളും B1- ൽ പെടും. ഇവയെല്ലാം കുറഞ്ഞ പാരിസ്ഥിതിക പരിശോധനകൾക്ക് മാത്രമേ വിധേയമാകൂ. 2000 മുതൽ 10,000 ഹെക്ടർ വരെ കമാന്റ് ഏരിയ ഉള്ള ജലസേചനപദ്ധതികൾ B2 വിഭാഗത്തിൽപ്പെടുകയില്ല, അവയ്ക്ക് അനുമതിയും ആവശ്യമില്ല. ഇതും പരിസ്ഥിതിനിയമങ്ങളുടെ ലംഘനമാണ്, അതിനാൽത്തന്നെ നിരാകരിക്കപ്പെടുകയും ചെയ്യും.

**പ്രധാന കാര്യങ്ങൾ**

ഞങ്ങളുടെ വാദം ശരിവെയ്ക്കുന്ന തരത്തിൽ ഈ ഡ്രാഫ്റ്റ് പരിസ്ഥിതിസംരക്ഷണം ഉറപ്പുവരുത്തുന്നില്ല എന്നത് തെളിയിക്കുന്ന ചില പ്രത്യേക ഭാഗങ്ങൾ എടുത്തുപറയാനും അവ എങ്ങനെ മെച്ചപ്പെടുത്താമെന്നും പറയാൻ ശ്രമിക്കുകയാണിനി.

നിർവ്വചനത്തിലെ ഭാഗം 30-ൽ പറയുന്നത് സംരക്ഷിതപ്രദേശം, പരിസ്ഥിതി ദുർബ്ബല പ്രദേശം, ഗുരുതരമായ മലിനീകരണപ്രദേശങ്ങൾ എന്നിവയിൽ 10 കിലോമീറ്റർ ചുറ്റളവിൽപ്പെടുന്ന പദ്ധതികൾക്ക് വേണ്ട നിഷ്ക്കർഷകൾ ഇനി ചിലതിനു മാത്രമേ ബാധകമാകൂ. മറ്റുള്ളവയ്ക്ക് ഇത് 5 കി. മീ. ആയി ചുരുക്കപ്പെട്ടിരിക്കുകയാണ്. ഈ പ്രദേശങ്ങൾ പാരിസ്ഥിതികമായി ശ്രദ്ധ വേണ്ടതുകൊണ്ടുകൂടിയാണ് ഇവയെ ചില നിബന്ധനകൾക്ക് വിധേയമാക്കിയിരിക്കുന്നത്. എന്നാൽ മേൽപ്പറഞ്ഞ മാറ്റങ്ങൾ ഈ പ്രാധാന്യത്തെ അവഗണിക്കുകയാണ്.

55-ാം നിർവ്വചനം പറയുന്നത് 'പഠനപ്രദേശം' എന്നാൽ പ്രദേശത്തിന്റെ വായുമാർഗ്ഗമുള്ള ചുറ്റളവാണെന്നും(10 കി മീ. എങ്കിൽ 'എ' വിഭാഗവും 5 കി. മീ. എങ്കിൽ 'ബി' വിഭാഗം) എന്നാണ്. ഇങ്ങനെ പദ്ധതിപ്രദേശത്തെ ചുരുക്കുന്നത് യഥാർത്ഥ പാരിസ്ഥിതികാഘാതം കണക്കിലെടുക്കാതിരിക്കാനാണെന്നേ പറയാനാകൂ. നദീതടപദ്ധതികളിൽ സഞ്ചിതാഘാതം കൂടി കണക്കിലെടുത്താൽ ആഘാതപഠനം കീഴ്ത്തടങ്ങളെയും കൂടി ബാധിക്കുന്ന തരത്തിൽ വിപുലമായി നടത്തേണ്ടിവരും.

നോട്ടിഫിക്കേഷൻ ഡ്രാഫ്റ്റിലെ ഭാഗം 13.9 പറയുന്നത് EIA ഡ്രാഫ്റ്റ് റിപ്പോർട്ട്പൊതുജനങ്ങൾക്കായും അന്തിമറിപ്പോർട്ട് വിദഗ്ദ്ധസമിതിയ്ക്കും എന്നാണ്. എന്നാൽ പൊതുജനങ്ങളുടെ കൂടി അഭിപ്രായം ഉൾപ്പെടുത്തി തയ്യാറാക്കപ്പെടേണ്ട അന്തിമറിപ്പോർട്ട് പൊതുജനമധ്യത്തിൽ ഉടൻ തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ഭാഗം 14.6 & 14.9 - പൊതുതെളിവെടുപ്പിനായി കൊടുത്തിരിക്കുന്ന 40 ദിവസം വളരെ കുറവാണ്. അത് 60 ദിവസമെങ്കിലും ആക്കി വർദ്ധിപ്പിക്കേണ്ടതാണ്. അതുപോലെ 14.9-ൽ പറയുന്നതുപോലെ EIA ഡ്രാഫ്റ്റ് റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപമല്ല, മുഴുവൻ റിപ്പോർട്ടും ജനകീയപരിശോധനയ്ക്ക് 30 ദിവസം മുമ്പെങ്കിലുമായി വെബ്സൈറ്റിൽ നൽകേണ്ടതാണ്.

ഭാഗം 14.10 - പാരിസ്ഥിതികാഘാതപഠനത്തിൽ പൊതുജനങ്ങളുയർത്തുന്ന ചോദ്യങ്ങൾക്കായി ഒരു പ്രത്യേക അധ്യായം വേണം. പൊതുതെളിവെടുപ്പ് പാനൽ / വിദഗ്ദ്ധസമിതി പ്രധാനപ്പെട്ട പ്രശ്നങ്ങൾ തയ്യാറാക്കണം. ഇത് പദ്ധതി അപേക്ഷകനെ അറിയിക്കുകയും വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യണം.

ഭാഗം 16.1 & 16.7 - യഥാർത്ഥ കപ്പാസിറ്റിയുടെ 10 ശതമാനത്തിനുമേലെയുള്ള പദ്ധതി വിപുലീകരണങ്ങൾക്ക് EIA യും പൊതുജന പരിശോധനയും നിർബന്ധമാക്കണം. പദ്ധതികൾക്ക് മലിനീകരണനിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് പോരാ, EIA തന്നെ വേണം. EIA യിൽ സാമൂഹ്യ-പാരിസ്ഥിതിക പ്രാഥമികാഘാത പഠനം പ്രത്യേകമായി ഉറപ്പിക്കുകയും വേണം.

വനാവകാശനിയമപ്രകാരം വനമേഖലകളിൽപ്പെടുന്ന പദ്ധതികൾക്ക് അതാത് ഗോത്രഗ്രാമസഭകളുടെ അംഗീകാരം വേണമെന്നുള്ളത് നിർബന്ധമാണ്. 17.5 ൽ അതുകൂടി ഉൾപ്പെടുത്തേണ്ടതാണ്.

ഭാഗം 17.6 - വിവരങ്ങൾ പൂഴ്ത്തിവെയ്ക്കപ്പെട്ടുവെന്നോ തിരിമറി നടന്നുവെന്നോ ഒരു പരാതി വന്നാൽ നീതി ഉറപ്പാക്കാനായി പദ്ധതി അപേക്ഷകൻ വീഡിയോ കോൺഫറൻസിങ്ങിലൂടെ പരാതി കേൾക്കേണ്ടതും തുടർനടപടികൾ എന്താണെന്ന് പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്.

ന്യായപൂർണ്ണമായ പരിസ്ഥിതിമന്ത്രാലയത്തിന്റെ തീരുമാനങ്ങൾ വരുതലമുറയെയും നമ്മുടെ രാജ്യത്തിന്റെ ഹരിതഭാവിയെയും പുതിയ സാങ്കേതിക ആശയങ്ങളെയും സഹായിക്കുന്നതായി മാറുകയുള്ളൂ എന്നോർമ്മിപ്പിച്ചുകൊണ്ട്. ■


**2020 ജൂലായ് 14ന് പുതുവൈപ്പ്**
**ഐ.ഒ.സിയുടെ**
**അനധികൃത നിർമ്മാണം തടയുന്നു**
ബന്ധങ്ങൾക്ക്: 9447475661